(ബി) വനസംരക്ഷണ പ്രവർത്തനങ്ങൾക്ക് സമിതികൾക്ക് ഹെക്ടർ ഒന്നിന് 700 രൂപാനിരക്കിൽ 2003 ഡിസംബർ 31 വരെ നൽകിയിരുന്നു. എന്നാൽ ലോകബാങ്കിന്റെ സഹായത്തോടുകൂടിയുള്ള കേരള ഫോറസ്ട്രി പ്രോജക്ടിന്റെ കാലാവധി 31-12-2003-ൽ അവസാനിച്ചതിനുശേഷം സമിതികൾക്ക് ധനസഹായമൊന്നും നൽകിയിട്ടില്ല.

(സി) റാന്നി മേഖലയിൽ 25 വനസംരക്ഷണ സമിതികൾ പ്രവർത്തിച്ചുവരുന്നു.

(ഡി) ഗൂഡ്രിക്കൽ റേഞ്ചിൽ കഴിഞ്ഞ 2 വർഷത്തിനുള്ളിൽ നടന്നിട്ടുള്ള മൃഗവേട്ടകളുടേയും കൊല്ലപ്പെട്ട മൃഗങ്ങളുടേയും കണക്കുകൾ ചുവടെ ചേർക്കുന്നു:

2003-ൽ രണ്ട് കേസ്സുകൾ

1. ഒരു മ്ലാവിനെ കൊന്നത്.
2. ഒരു കാട്ടുപുച്ചയെ കൊന്നത്.

2004-ൽ രണ്ട് കേസ്സുകൾ

1. ഒരു കൊമ്പനാനയെ കൊന്ന് കൊമ്പുകൾ കടത്തിയത്.
2. ഒരു കാട്ടുപോത്തിനെ വെടിവെച്ചു കൊന്നത്.

(ഇ) മൃഗവേട്ട തടയുവാൻ വനം സംരക്ഷണസമിതികളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതാണ്.

വന്യജീവി ആക്രമണം തടയുന്നതിന് കരുതൽ നടപടി

111 [T1829] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വന്യജീവികളുടെ ആക്രമണം തടയാൻ വനങ്ങളിൽ ഏർപ്പെടുത്തിയിട്ടുള്ള കരുതൽ നടപടികൾ വിശദമാക്കാമോ ;

(ബി) ഫലപ്രദമായ കരുതൽ നടപടികൾ ഇല്ലാത്തതുകാരണം വന്യമൃഗങ്ങളുടെ ആക്രമണം വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) വന്യമൃഗങ്ങളുടെ ആക്രമണംമൂലമുണ്ടാകുന്ന നാശത്തിന് മതിയായ നഷ്ട പരിഹാരം നൽകുവാൻ നിയമഭേദഗതി വരുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് വന്യജീവികളുടെ ആക്രമണം തടയാൻ വനാതിർത്തിക ളിൽ എലിഫന്റ് പ്രൂഫ് ട്രഞ്ച്, വൈദ്യുതി കമ്പിവേലി തുടങ്ങിയവ നിർമ്മിച്ച് വരുന്നു. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് വന്യമൃഗങ്ങളുടെ ആക്രമണമുള്ള എല്ലാ പ്രദേശങ്ങ ളിലും ഇവ നിർമ്മിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു. ആക്രമണ സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ വന്യമൃഗങ്ങളെ കാട്ടിലേക്ക് തന്നെ തുരത്തുവാൻ സ്ക്വാഡുകളേയും ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രതിരോധ സംവിധാനം ഇല്ലാത്ത മേഖലകളിൽ വന്യജീവികളുടെ ശല്യം വർദ്ധിക്കുന്നതായി കാണപ്പെടുന്നു.

(സി) 20-1-2005-ലെ സ. ഉ. (സാധാ) നമ്പർ 41/05/വനം പ്രകാരം വന്യജീവിക ളുടെ ആക്രമണംമൂലമുണ്ടാകുന്ന നാശത്തിന് നൽകി വരുന്ന നഷ്ടപരിഹാരം വർദ്ധിപ്പിച്ചിട്ടുണ്ട്.

ആനക്കൊമ്പ് വേട്ട

112 [T 1830] ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ആനകൾ ഉണ്ടെന്നും അതിൽ കാട്ടാനകൾ എത്രയെന്നും നാട്ടാനകൾ എത്രയെന്നും വ്യക്തമാക്കാമോ ;

(ബി) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ആനകൾ ആനക്കൊമ്പ് വേട്ടയ്ക്കിരയായിട്ടുണ്ടെന്ന് അറിയിക്കാമോ ;

(സി) സംസ്ഥാനത്തെ വനംവകുപ്പിന്റെ അധീനതയിൽ എത്ര ടൺ ആനക്കൊമ്പ് സൂക്ഷിച്ചിട്ടുണ്ടെന്നും ഈ കൊമ്പുകൾ സർക്കാർ എന്താണ് ചെയ്യുകയെന്നും അതിന് എത്ര രൂപ വിലയുണ്ടെന്നും വെളിപ്പെടുത്താമോ ;

(ഡി) സംസ്ഥാനത്ത് ദേവസ്വം ബോർഡിന്റെ അധീനതയിൽ എത്ര ആനകൾ ഉണ്ടെന്നും സ്വകാര്യ വ്യക്തികളുടെ അധീനതയിൽ എത്ര ആനകൾ ഉണ്ടെന്നും അറിയി ക്കാമോ ?

ഉത്തരം

(എ) 2002-ലെ സെൻസസ് പ്രകാരം 6939 കാട്ടാനകൾ ഉണ്ടെന്നും നിലവിലുള്ള രേഖകൾ പ്രകാരം 696 നാട്ടാനകൾ ഉണ്ടെന്നും കണക്കാക്കിയിട്ടുണ്ട്.

(ബി) 19 ആനകൾ.

LIBRARY ARCHIVES Kerala Legislative Assembly